# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 321 — 25.06.2012-ൽ മറുപടിക്ക്

## മദ്യത്തിന്റെ വിലവർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | മദ്യോല്പാദന കമ്പനികൾ മദ്യത്തിന്റെ വില കൂട്ടണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ആവശ്യം സർക്കാർ പരിഗണിക്കാനുദ്ദേശിക്കുന്നുണ്ടോ; വില എത്ര ശതമാനമായി വർദ്ധിപ്പിക്കണമെന്നാണാവശ്യപ്പെട്ടത് ; ഈ ആവശ്യവുമായി കമ്പനി പ്രതിനിധികൾ മന്ത്രിയെ കാണുകയുണ്ടായോ; | (ബി) | ഇക്കാര്യത്തിൽ ഒരന്തിമ തീരുമാനം കൈക്കൊള്ളുന്നത് സർക്കാർ അല്ല. റേറ്റ് കോൺട്രാക്ട് പ്രകാരം, മദ്യത്തിന്റേയും, ബിയറിന്റേയും Purchase Price സംബന്ധിച്ച തീരുമാനം ബിവറേജസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡാണ് എടുക്കുന്നത്. ഫിഷറീസ്, തുറമുഖ എക്സൈസ് വകുപ്പ് മന്ത്രിയും, വിദേശമദ്യ ഉൽപ്പാദകരുമായി 16.2.2012-നു ഒരു ചർച്ച നടത്തുകയുണ്ടായി. |
| (സി) | ബീവറേജസ് കോർപ്പറേഷൻ ഏതെല്ലാം കമ്പനികളുടെ മദ്യമാണ് വാങ്ങുന്നത്; | (സി) | അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ഡി) | മദ്യവില കൂട്ടാതിരിക്കുന്നതുമൂലം എന്തെങ്കിലും ബുദ്ധിമുട്ട് ഉള്ളതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | മദ്യവില കൂട്ടാതിരിക്കുന്നതു മൂലം, മദ്യക്കമ്പനികൾ, 2012 മേയ് മാസം മുതൽ കോർപ്പറേഷന് നൽകുന്ന മദ്യത്തിന്റെ അളവ് കുറച്ചിട്ടുണ്ട്. ഇതിൽ തന്നെ, റമ്മിന്റെ അളവിൽ 8 ശതമാനത്തിന്റെ കുറവുണ്ട്. |
| (ഇ) | പ്രതിമാസം കേരളത്തിൽ വിറ്റഴിക്കുന്ന മദ്യത്തിന്റെ കണക്കുകൾ വെളിപ്പെടുത്താമോ; | (ഇ) | അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | മദ്യോപഭോഗം കുറച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എഫ്) | ഉണ്ട്. ശക്തമായ ബോധവത്കരണ പരിപാടികളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. സ്കൂൾ/കോളേജുകളിൽ ലഹരി വിരുദ്ധ ക്ലബുകൾ ആരംഭിച്ച്, ലഹരി വിരുദ്ധ ക്ലബു |

കളുടെ പ്രവർത്തനം വിപുലീകരിച്ച്, വിദ്യാർത്ഥികളിൽ മദ്യമയക്കു മരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് അവരെ ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾ, സന്നദ്ധ സംഘടനകൾ റസിഡന്റ്സ് അസോസിയേഷനുകൾ മറ്റ് സാംസ്കാരിക സംഘടനകൾ എന്നിവരുമായി സഹകരിച്ച് വിവിധ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കി വരുകയും, ബോധവത്ക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ കലാജാഥകൾ, ഉപന്യാസ മത്സരങ്ങൾ, തെരുവ് പാടകങ്ങൾ, പോസ്റ്റർ പ്രദർശനങ്ങൾ എന്നിവയും നടത്തി വരുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ്, പട്ടിജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് ഗ്രാമ പ്രദേശങ്ങളിലും കോളനി പ്രദേശങ്ങളിലും വിവിധ ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു. ദൃശ്യശ്രാവ്യ അച്ചടി മാധ്യമങ്ങളിൽ കൂടി മദ്യ ലഹരി വിരുദ്ധ ബോധവത്കരണ ആശയങ്ങൾ ഉൾക്കൊള്ളുന്ന പരസ്യങ്ങൾ നൽകുകയും, മെഡിക്കൽ കോളേജുകളിലും, ജില്ലാ ആശുപത്രികളിലും ഉള്ള ഡീ-അഡിക്ഷൻ ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു വരുന്നു. കേരളത്തിലുടനീളം പ്രശസ്ത മജീഷ്യൻ പ്രൊഫസർ ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ, മാന്ത്രികവിദ്യകളിലൂടെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി, കൊച്ചി കളമശ്ശേരിയിലെ സഹകരണ മെഡിക്കൽ കോളേജിൽ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നും 30 ലക്ഷം രൂപ ചെലവഴിച്ച്, ഒരു ഡീ-അഡിക്ഷൻ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

അംഗങ്ങൾ ലൈബ്രറിയിലുണ്ട്.